# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3807 — 23/08/2017-ൽ മറുപടിക്ക്

## സ്മാർട്ട് മീറ്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>" വി.പി.സജീന്ദ്രൻ<br>" സണ്ണി ജോസഫ്<br>" കെ.മുരളീധരൻ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | മാസം അഞ്ഞൂറ് യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ നടപ്പിലാക്കണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഈ ശിപാർശ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | ഈ ശിപാർശ നടപ്പിലാക്കുന്നതിലേക്കായി, സ്മാർട്ട് മീറ്റർ സംവിധാനം സ്ഥാപിക്കുന്നതിൽ താല്പര്യമുള്ള കോൺട്രാക്ടർമാരോട് മാതൃകാ പ്രതിഷ്ഠാപനത്തിനായുള്ള (pilot implementation) 'താല്പര്യ പ്രകടന അപേക്ഷ' (Expression of Interest) സമർപ്പിക്കുന്നതിനായി 09.08.2017-ന് പൊതു വിജ്ഞാപനം വഴി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുണ്ട്. 30.08.2017 വരെ മേല്പറഞ്ഞ അപേക്ഷ സ്വീകരിക്കുന്നതാണ്. |
| (സി) | സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി താരിഫ് ഉള്ള ഉപഭോക്താക്കൾക്ക്, പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച്, വൈദ്യുതി ബില്ലിൽ കുറവു വരുത്താവുന്നതാണ്. വൈദ്യുതി തടസ്സങ്ങൾ |

(...2)

| | | | |
|---|---|---|---|
| | | | തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതു കൊണ്ട്, വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉദ്യോഗസ്ഥർക്കു കഴിയും. ഇപ്രകാരം, 500 യൂണിറ്റിൽ അധികം വൈദ്യുത ഉപഭോഗം ഉള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതു വഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ